REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ അസം ബൊറാഗാവിലെ ഷഹീദ് സ്മാരക ക്ഷേത്രം സന്ദർശിച്ചു.**
- **സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു.**
- **തീവ്ര വോട്ടർപട്ടിക പരിഷ്കരണ കരട് പട്ടികയുമായി ബന്ധപ്പെട്ട തിരുത്തലുകളും പരാതികളും ജനുവരി 22 വരെ അറിയിക്കാമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ.**
- **മലയാളത്തിന്റെ പ്രിയ നടനും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ ഇനി ഓർമ്മ.**
- **അണ്ടർ 19 ഏഷ്യകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പാകിസ്ഥാൻ 2 വിക്കറ്റിന് 182 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി അസമിലെ ബൊറാഗാവിലെ ഷഹീദ് സ്മാരക ക്ഷേത്രം സന്ദർശിച്ചു. അസം രൂപീകരണ പ്രക്ഷോഭത്തിനിടെ ജീവത്യാഗം ചെയ്ത രക്തസാക്ഷികൾക്ക് അദ്ദേഹം ആദരം അർപ്പിച്ചു.

ബ്രഹ്മപുത്ര നദിയിലെ കപ്പൽയാത്രക്കിടെ 25 സ്കൂൾ വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി പരീക്ഷാ പേ ചർച്ച പരിപാടിയെപ്പറ്റി സംവദിക്കുകയും ചെയ്തു. നാംരൂപിൽ 12,000 കോടി രൂപയുടെ അമോണിയ - യൂറിയ രാസവള ശാലയുടെ ഭൂമി പൂജ നടത്തുന്ന പ്രധാനമന്ത്രി ഫാക്ടറിക്ക് തറക്കല്ലിടും. തുടർന്ന് പൊതുയോഗത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

പ്രധാനമന്ത്രിയുടെ രണ്ട് ദിവസത്തെ അസം സന്ദർശനം ഇന്ന് പൂർത്തിയാകും.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽ രാവിലെ പത്തിനായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങുകൾ ആരംഭിച്ചത്. കോർപറേഷനുകളിൽ 11.30-നാണ് ചടങ്ങ് തുടങ്ങിയത്. ആദ്യം മുതിർന്ന അംഗം സത്യപ്രതിജ്ഞ ചെയ്തതിന് ശേഷം മറ്റ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. സത്യപ്രതിജ്ഞ പൂർത്തിയാക്കിയ ശേഷം മുതിർന്ന അംഗത്തിന്റെ അധ്യക്ഷതയിൽ ആദ്യ യോഗം ചേർന്നു.

മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ തെരഞ്ഞെടുപ്പുകൾ ഈ മാസം 26-നാണ്. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, പ്രസിഡന്റ്-വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ ഡിസംബർ 27-നാണ്.

മലപ്പുറം വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നാളെയും ചോക്കാട് ഗ്രാമപഞ്ചായത്തിൽ 26നും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ അടുത്ത മാസം 16നുമാണ് സത്യപ്രതിജ്ഞ. മംഗലം, വെട്ടം, തിരുന്നാവായ, മക്കരപ്പറമ്പ്, ഗ്രാമപഞ്ചായത്തുകളിലും തിരൂർ ബ്ലോക്ക് പഞ്ചായത്തുകളിലും ഫെബ്രുവരി ഒന്നിനാണ് സത്യപ്രതിജ്ഞാ ചടങ്ങ്. നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്നലെയാണ് അവസാനിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിൽ 70 ഗ്രാമപഞ്ചായത്തുകളിലേയും 12 ബ്ലോക്ക് പഞ്ചായത്തുകളിലേയും ഏഴ് നഗരസഭകളിലേയും കോഴിക്കോട് കോർപ്പറേഷനിലേയും ജില്ലാ പഞ്ചായത്തിലേയും അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങ് ജൂബിലി ഹാളിലായിരുന്നു.

LDF ന്റെ കോർപ്പറേഷൻ മേയർ സ്ഥാനാർത്ഥി കൂടിയായ O സദാശിവൻ സത്യപ്രതിജ്ഞ ചെയ്യുന്നു.

.........വോയ്സ്.......

✪✪✪

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തദ്ദേശ സ്ഥാപനങ്ങളും തെരഞ്ഞെടുത്ത അംഗങ്ങളും മലപ്പുറം ജില്ലയിലാണ്. അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങുകൾ രാവിലെ ആരംഭിച്ചു. 33 ജില്ലാ പഞ്ചായത്തംഗങ്ങൾക്കും ജില്ലാ വരണാധികാരിയായ ജില്ലാ കലക്ടർ സത്യവാചകം ചൊല്ലി കൊടുത്തു.

94 ഗ്രാമ പഞ്ചായത്തുകൾ 15 ബ്ലോക്ക് പഞ്ചായത്തുകൾ, 12 നഗരസഭകൾ എന്നിവിടങ്ങളിലേയും അംഗങ്ങൾ അൽപ്പ സമയത്തിനകം സത്യപ്രതിജ്ഞ ചെയ്യും.

✪✪✪

പാലക്കാട് ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത 2,116 അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു.

ഗ്രാമപഞ്ചായത്തുകളിൽ 1,636 പേരും ബ്ലോക്ക് പഞ്ചായത്തുകളിൽ 200 ഉം ജില്ലാ പഞ്ചായത്തിൽ 31 ഉം നഗരസഭകളിൽ 249 ഉം അംഗങ്ങളുമാണ് സത്യ പ്രതിജ്ഞ ചെയ്തത്.

✪✪✪

കണ്ണൂർ ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലെയും 11 ബ്ലോക്ക് പഞ്ചായത്തുകളിലെയും, എട്ട് നഗരസഭകളിലെയും, കോർപ്പറേഷനിലെയും, ജില്ലാ പഞ്ചായത്തിലെയും അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. കോർപ്പറേഷൻ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങ് പഴയ ബസ് സ്റ്റാൻഡിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിലായിരുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ മുതിർന്ന അംഗം മാട്ടൂൽ ഡിവിഷനിലെ SKP സക്കറിയക്ക് ജില്ലാ കലക്ടർ അരുൺ കെ വിജയൻ സത്യ വാചകം ചൊല്ലിക്കൊടുത്തു.

ഏഷ്യയിലെ ഏറ്റവും നീളമേറിയ ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്ടെ ബീച്ചിനോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ വേദിയിലാണ് ഗ്രാമപഞ്ചായത്തിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ ചടങ്ങ്. മുതിർന്ന അംഗമായ മുഴപ്പിലങ്ങാട് മമ്മാക്കുന്ന് വാർഡിൽ നിന്ന് തെരഞ്ഞെടുത്ത UDF അംഗം C. പ്രകാശന് വരണാധികാരി RV അനൂബ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

.....വോയ്സ്.......

✪✪✪

തൃശ്ശൂരിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങൾ അധികാരമേറ്റു.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.......വോയ്സ്.

ജില്ലയിലെ 86 പഞ്ചായത്തിലും 7 നഗരസഭകൾ എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 10നും തൃശൂർ കോർപറേഷനിൽ 11.30നുമാണ് സത്യപ്രതിജ്ഞ

നടന്നത്.തെ രഞ്ഞെടുക്കപ്പെട്ടവരിൽ മുതിർന്ന അംഗമായ....... കാള്ത്തോ ട് ഡിവിഷൻ എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർത്ഥി ml rosy ആണ് ആദ്യം സത്യപ്രതിജ്ഞ ചെയ്തു. ജല കളക്ടർ അർജുൻ പാണ്ടി മുമ്പാകെയാണ്ണ് സത്യപ്രതിജ്ഞ ചെയ്തത്. തുടർന്ന് ഓരോ അംഗങ്ങളും തുടർച്ചയായി സത്യപ്രതിജ്ഞ ചെയ്യുകയായിരുന്നു.

കോർപ്പറേഷനിൽ 56 ഡിവിഷനുകളിൽ udf 33, ldf 13, nda 8 കൊണ്ഗ്രെസ്സ് വിമതർ 2 എന്നിങ്ങനെ സീറ്റുകളാണ് നേടിയത്.

കോർപറേഷനിലും ജില്ലാപഞ്ചായത്തിലും കലക്ടർമാരുടെയും ഗ്രാമ, ബ്ലോക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അതത് വരണാധികാരികൾക്കു മുമ്പിലുമാണ് ആദ്യ അംഗം പ്രതിജ്ഞ ചെയ്തത്

അതിനിടയിൽ മേയർ തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ തൃശ്ശൂരിലും ടേം വ്യവസ്ഥ നടപ്പാക്കാൻ ധാരണയാവുന്നു. ലാലി ജെയിംസ്, സുബി ബാബു എന്നിവരെയാണ് പരിഗണിക്കുന്നത് കോൺഗ്രസ് ഇതുവരെ മേയർ സ്ഥാനത്തേക്ക് പരിഗണിച്ചിരിക്കുന്നത്.ആദ്യഘട്ടത്തിൽ ലാലി ജെയിംസിനെ മേയറാക്കാനാണ് തീരുമാനം.ഭൂരിഭാഗം കൗൺസിലർമാരും ലാലി ജെയിംസിനെ മേയറാക്കണമെന്ന് ആവശ്യപ്പെട്ടു. കെപിസിസി നടത്തിയ സർവ്വേയിലും 45% പേർ അനുകൂലിച്ചത് ലാലി ജെയിംസിനെയായിരുന്നു.

തൃശ്ശൂരിൽ മുനിസിപ്പാലിറ്റി, കോർപറേഷൻ അധ്യക്ഷ തെരഞ്ഞെടുപ്പ് 26നും ത്രിതല പഞ്ചായത്തിൽ 27നും നടക്കും.

✪✪✪

ജനങ്ങൾ വികസനത്തിന്റെ രാഷ്ട്രീയമാണ് ആഗ്രഹിക്കുന്നതെന്ന് തദ്ദേശ തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നതായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഇടതുമുന്നണിയുടെ പതനമാണ് തെരഞ്ഞെടുപ്പിലൂടെ ഉണ്ടായതെന്നും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ NDA യും UDF ഉം തമ്മിലായിരിക്കും പ്രധാനമത്സരമെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് പറഞ്ഞു. കോർപ്പറേഷൻ കൗൺസിലർമാരുടെ സത്യപ്രതിജ്ഞാ ചടങ്ങിന് മുന്നോടിയായി സംഘടിപ്പിച്ച പാർട്ടി പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

UDF നേതൃയോഗം നാളെ തിരുവനന്തപുരത്ത് ചേരും. തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയവും നിയമസഭാ തെരഞ്ഞെടുപ്പ് തന്ത്രങ്ങളും യോഗം ചർച്ച ചെയ്തേക്കും. നിയസഭാ സീറ്റ് വിഭജനവും സ്ഥാനാർത്ഥി നിർണയവും നേരത്തെയാക്കാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചിരുന്നു.

✪✪✪

മറ്റന്നാൾ പ്രസിദ്ധീകരിക്കുന്ന തീവ്ര വോട്ടർപട്ടിക പരിഷ്കരണ കരട് പട്ടികയുമായി ബന്ധപ്പെട്ട് തിരുത്തലുകളും പരാതികളും അന്ന് മുതൽ ജനുവരി 22 വരെ അറിയിക്കാമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് കേൽക്കർ ഈ കാര്യം വ്യക്തമാക്കിയത്.

കരട് പട്ടികയിൽ പേരില്ലാത്തവരുടെ വിവരങ്ങൾ ലഭ്യമാണെങ്കിൽ അക്കാര്യം രാഷ്ട്രീയ കക്ഷികൾക്ക് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ അറിയിക്കാം. ചൊവ്വാഴ്ച മുതൽ ഫെബ്രുവരി 14 വരെയാണ് ഹിയറിംഗും പരിശോധനയും. ഫെബ്രുവരി 21ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

തിരുത്തലുകളിലും എതിർപ്പുകളിലും എടുക്കുന്ന തീരുമാനങ്ങളിൽ തൃപ്തിയില്ലെങ്കിൽ 15 ദിവസത്തിനകം കലക്ടർമാർക്ക് പരാതി നൽകാം. സംസ്ഥാനത്ത് വിതരണം ചെയ്ത രണ്ട് കോടി 78 ലക്ഷം എന്യൂമറേഷൻ ഫോമുകൾ പൂർണമായും ഡിജിറ്റൈസ് ചെയ്തതായും രത്തൻ യു കേൽക്കർ അറിയിച്ചു.

✪✪✪

കോടതി തീരുമാനങ്ങൾ ജനങ്ങൾക്ക് അവരുടെ സ്വന്തം ഭാഷകളിൽ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ ഭരണഘടനാ സ്ഥാപനങ്ങളും പ്രവർത്തിക്കണമെന്ന് ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. ഉത്തർപ്രദേശിലെ ഇറ്റാവയിൽ ഹിന്ദി സേവാ നിധി ട്രസ്റ്റിന്റെ 33-ാമത് വാർഷിക പരിപാടിയെ അഭിസംബോധന ചെയുകയായിരുന്നു ചീഫ് ജസ്റ്റിസ്.

✪✪✪

മലയാളത്തിന്റെ പ്രിയ നടനും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ ഇനി ഓർമ. കൊച്ചി കണ്ടനാട്ടെ വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാരം. ശ്രീനിവാസന്റെ മൂത്ത മകൻ വിനീത് ശ്രീനിവാസൻ ചിതയ്ക്ക് തീകൊളുത്തി. മക്കളായ വിനീത് ശ്രീനിവാസനും, ധ്യാൻ ശ്രീനിവാസനും ബന്ധുക്കളും സഹപ്രവർത്തകരും ചേർന്നാണ് ശ്രീനിവാസനെ ചിതയിലേക്കെടുത്തത്. മലയാളത്തിന്റെ അതുല്യ പ്രതിഭയെ അവസാനമായി ഒരു നോക്ക് കാണാൻ ആയിരങ്ങളാണ് ഒഴുകിയെത്തിയത്. രാഷ്ട്രീയ - സാമൂഹ്യ സാംസ്കാരിക ചലച്ചിത്രമേഖലയിലെ പ്രമുഖരടക്കം അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു.

48 വർഷത്തെ ചലച്ചിത്ര ജീവിതത്തിൽ 200ലേറെ ചിത്രങ്ങളിൽ വേഷമിട്ട ശ്രീനിവാസൻ അഭിനയത്തോടൊപ്പം തിരക്കഥാരചനയിലും സംവിധാനത്തിലും

തിളങ്ങിനിന്ന ശേഷം രോഗങ്ങളെ തുടർന്നാണ് ചെറിയൊരു ഇടവേളയിൽ ചലച്ചിത്ര രംഗത്ത് നിന്ന് മാറി നിന്നത്.

✪✪✪

സപ്ലൈക്കോയുടെ ക്രിസ്മസ് - പുതുവത്സര ചന്തകളുടെ സംസ്ഥാന തല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരം പത്തരിക്കണ്ടത്ത് മന്ത്രി GR അനിൽ നിർവഹിക്കും. ആറ് ജില്ലകളിൽ ഈ മാസം 31 വരെയാണ് ചന്തകൾ പ്രവർത്തിക്കുക. കൊല്ലം ആശ്രാമം മൈതാനം, പത്തനം തിട്ട റോസ്മൗണ്ട് ഓഡിറ്റോറിയം, കോട്ടയം തിരുനക്കര മൈതാനം, എറണാകുളം മറൈൻ ഡ്രൈവ്, തൃശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്.

കോഴിക്കോട്ടെ കൺസ്യൂമർ ഫെഡ് ക്രിസ്മസ് - പുതുവത്സര വിപണികൾ മുതലക്കുളം ത്രിവേണി സൂപ്പർമാർക്കറ്റിൽ മന്ത്രി PA മുഹമ്മദ് റിയാസ് നാളെ ഉദ്ഘാടനം ചെയ്യും. കൺസ്യൂമർ ഫെഡ് മുൻ ചെയർമാൻ M മെഹബൂബ് ആദ്യ വില്പന നടത്തും. ജനുവരി ഒന്നുവരെ വിപണി പ്രവർത്തിക്കും. ജില്ലയിലെ 14 ത്രിവേണി സൂപ്പർമാർക്കറ്റുകളിലും ക്രിസ്മസ് - പുതുവത്സര വിപണി ഉണ്ടായിരിക്കും.13 നിത്യോപയോഗ സാധനങ്ങൾ വിപണി വിലയേക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ മേളകളിൽ ലഭ്യമാക്കും.

✪✪✪

അണ്ടർ 19 ഏഷ്യകപ്പ് ക്രിക്കറ്റ് ഫൈനലിൽ പാകിസ്ഥാൻ ബാറ്റ് ചെയ്യുന്നു. ദുബായിലെ ICC അക്കാദമി ഗ്രൗണ്ടിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പാകിസ്ഥാൻ 28 ഓവറിൽ 2 വിക്കറ്റിന് 182 റൺസെടുത്തു. ടോസ് നേടിയ ഇന്ത്യ പാകിസ്ഥാനെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

✪✪✪

വനിതാ ട്വന്റി 20 അന്താരാഷ്ട്ര പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. വൈകിട്ട് ഏഴിന് വിശാഖപട്ടണത്തെ സ്റ്റേഡിയത്തിലാണ് മത്സരം. ശ്രീലങ്കയ്ക്കെതിരെ അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഹർമൻ പ്രീത്കൗറാണ് ഇന്ത്യയെ നയിക്കുന്നത്. ആദ്യ രണ്ട് മത്സരങ്ങൾ വിശാഖപട്ടണത്തും മൂന്നെണ്ണം തിരുവനന്തപുരത്തുമാണ്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ,അബ്ദുൾ കബീർ, രജ്ന കെ*
*DEO : സി കെ സുബോധ്*